(ബി) കെട്ടിടം പണി പൂർത്തിയാക്കാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കാനും ഫണ്ട് ലഭ്യമാക്കാനും ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടം പണി ഏറ്റെടുത്തത് പി.ടി.എ. കമ്മിറ്റിയാണ്. കമ്മിറ്റിയുടെ കൺവീനർ തക്കസമയത്ത് പണി പൂർത്തിയാക്കാത്തതിനാലും കമ്മിറ്റിയിൽ നിന്ന് രാജിവെച്ചതിനാലും പുതിയ പി.ടി.എ. കമ്മിറ്റി രൂപീകരിക്കേണ്ടി വന്നു. ഈ വിവരം അടുത്ത ജില്ലാ പഞ്ചായത്ത് സമിതിയിൽ വച്ച് തീരുമാനം കൈകൊണ്ട് പ്രസ്തുത പണി പൂർത്തിയാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഫണ്ട് ജില്ലാ പഞ്ചായത്ത് നീക്കി വച്ചിട്ടുണ്ട്.

പെരുമ്പാവൂർ വേങ്ങൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ-കം-ഷോപ്പിംഗ് കോംപ്ലക്സ്

76 (3828) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും പഞ്ചായത്ത് ഓഫീസ് വിപുലീകരണവും സ്തംഭനാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്ലാൻ ഫണ്ടിൽ നിന്നുമായി എത്ര രൂപ ഇതിനകം ചെലവായിട്ടുണ്ട് ;

(സി) കരാറുകാരനാണോ ഗുണഭോക്തൃ സമിതിയാണോ നിർമ്മാണ പ്രവർത്തനം നടത്തി വരുന്നത് ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഗുണഭോക്തൃ സമിതിയാണെങ്കിൽ അംഗങ്ങളുടെയും ഭാരവാഹികളുടേയും പേരുവിവരം വ്യക്തമാക്കാമോ ;

(ഇ) നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ ;

(എഫ്) നിർമ്മാണം പൂർത്തിയാക്കുവാൻ ഇനി എത്ര കാലം വേണ്ടി വരും ; പണി ആരംഭിച്ചത് എന്നാണ് ;

(ജി) അടിയന്തിരമായി പണി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പഞ്ചായത്താഫീസിന്റെ പണി അവസാനഘട്ടത്തിലാണ്. കൃഷിഭവൻ-കം-ഷോപ്പിംഗ് കോംപ്ലക്സ് പണി തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(ബി) പഞ്ചായത്തു ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. കൃഷിഭവൻ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 5,64,404 രൂപയും പഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിനായി എസ്.ജെ.ആർ.വൈ.ഫണ്ടിൽ നിന്നും 4,79,876 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) പഞ്ചായത്ത് ഓഫീസിന്റെ നിർമ്മാണം എസ്.ജെ.ആർ.വൈ. നിബന്ധനകൾക്കു വിധേയമായിട്ടാണ് നടത്തുന്നത്. കൃഷിഭവൻ നിർമ്മാണം ഗുണഭോക്തൃ സമിതി മുഖേനയാണ് നടത്തുന്നത്.

(ഡി) കൃഷിഭവൻ നിർമ്മാണത്തിനുള്ള ഗുണഭോക്തൃ സമിതി ഭാരവാഹികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു. കൺവീനർ-ശ്രീ. കെ. വി. എബ്രഹാം കണ്ണാടൻ. ചെയർമാൻ-ശ്രീ. എം. എം. ജോയി മേച്ചേരി

അംഗങ്ങൾ : 1. ശ്രീ. ഗോപി, പാടത്തിൽ.

2. ശ്രീ. റ്റി. എം. ജോയി, തൊഴുത്തുങ്കൽ.

3. ശ്രീ. പി. വി. എബ്രഹാം, പുത്തൻകുടി.

4. ശ്രീമതി മേരി പി. കെ. പുത്തൻതുടി

5. ശ്രീ. പി. വി. മത്തായി, പറമ്പി

(ഇ) ഇല്ല.

(എഫ്) ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 1998-99ലാണ് പണി ആരംഭിച്ചത്.

(ജി) നിർദ്ദേശം നൽകിയിട്ടുണ്ട്.

കോന്നി-തണ്ണിത്തോട് റോഡ് പൂർണ്ണമായും പി.ഡബ്ല്യു.ഡി.യുടെ അധീനതയിലാക്കാൻ നടപടി

77 (3829) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ ഏതെല്ലാമാണ് ;

(ബി) ഇതിൽ പൊതുമരാമത്ത് റോഡിന്റെ ഇടയിൽ ഉള്ള ഏതെങ്കിലും റോഡുണ്ടോ ;

(സി) കോന്നി-തണ്ണിത്തോട് റോഡിന്റെ ഏതെങ്കിലും ഭാഗം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുണ്ടോ ; ഉണ്ടെങ്കിൽ ഏതു ഭാഗമെന്നും ഇത് എത്ര കിലോമീറ്റർ ദൂരം വരുമെന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly